ഭരണഭാഷ-മാതൃഭാഷ

ICDS/B1-1092/2020

വനിതശിശു വികസന ഡയറക്ടറേറ്റ്
പൂജപ്പുര, തിരുവനന്തപുരം.
തീയതി :22.01.2021
ഇ-മെയിൽ directorate.wcd@kerala.gov.in
ഫോൺ നമ്പർ 0471-2346534

വനിത ശിശു വികസന ഡയറക്ടർ

എല്ലാ ജില്ല വനിതാ ശിശു വികസന ഓഫീസർമാർക്കും
പ്രോഗ്രാം ഓഫീസർമാർക്കും
ശിശു വികസന പദ്ധതി ഓഫീസർമാർക്കും

സർ,

വിഷയം:-വനിത ശിശു വികസന വകുപ്പ് –ഐസിഡിഎസ് മിഷൻ - 2020-21 വർഷത്തെ IEC പ്രവർത്തനങ്ങൾക്കായുള്ള ഫണ്ട് വിനിയോഗിക്കുന്നത് - സംബന്ധിച്ച്.

സൂചന:- ഈ കാര്യാലയത്തിൽ നിന്നുള്ള 01/12/2020 തീയതിയിലെ ഇതേ നമ്പർ നമ്പർ ഉത്തരവ്.

2019-20 സാമ്പത്തിക വർഷത്തെ IEC പ്രവർത്തനങ്ങൾക്കായി അങ്കണവാടി തലത്തിൽ ഒരു അങ്കണവാടിക്ക് 1000/-രൂപ ക്രമത്തിൽ കേന്ദ്രസർക്കാർ 60 : 40 അനുപാതത്തിൽ അനുവദിച്ചിട്ടുള്ള തുക 2020-21 സാമ്പത്തിക വർഷത്തെ ഫണ്ടിൽനിന്നും സൂചന ഉത്തരവ് പ്രകാരമുള്ള ഇനങ്ങൾക്കായി അങ്കണവാടി തലത്തിൽ വിനിയോഗിക്കുന്നതിനും എല്ലാ ശിശു വികസന പദ്ധതി ഓഫീസർമാർക്കും തുക അനുവദിച്ച് ഉത്തരവായിരുന്നു.

IEC പ്രവർത്തനങ്ങൾക്ക് അങ്കണവാടി തലത്തിൽ അനുവദിച്ചിട്ടുള്ള തുക വിനിയോഗിക്കുന്നതിന് ചുവടെ പറയുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

1. 2020-21 വർഷത്തെ IEC പ്രവർത്തനങ്ങൾക്കായി ചുവടെ പറയുന്ന രണ്ട് ബ്രോഷർ പ്രിന്റ് ചെയ്ത് വിതരണം ചെയ്യേണ്ടതാണ്.

    i) അങ്കണവാടി ഗുണഭോക്താക്കൾക്കായിട്ടുള്ള ബ്രോഷർ (മഞ്ഞ)

    ii)സാമൂഹിക പങ്കാളിത്തത്തിന്റെ ഭാഗമായി കുടുംബശ്രീ അംഗങ്ങൾക്കായിട്ടുള്ള ബ്രോഷർ (പച്ച)



PDF processed with CutePDF evaluation edition www.CutePDF.com

**മേൽ പരാമർശിച്ചിട്ടുള്ള ബ്രോഷറിന്റെ സോഫ്റ്റ് കോപ്പി wcd.kerala.gov.in എന്ന website ൽനിന്ന് download ചെയ്യാവുന്നതാണ്.**

2. മേൽ പരാമർശിച്ചിട്ടുള്ള ബ്രോഷർ മൾട്ടി കളറിൽ **A3 സൈസിൽ gsm-130 ആർട്ട് പേപ്പറിൽ/മാപ്പിലത്ത് (mappilath paper)** പേപ്പറിൽ പ്രിന്റ് ചെയ്ത് വിതരണം ചെയ്യേണ്ടതാണ്.
3. അങ്കണവാടി ഗുണഭോക്താക്കൾക്കായിട്ടുള്ള ബ്രോഷർ പ്രിന്റ് ചെയ്യുന്നതിന് ഒരു അങ്കണവാടിക്ക് 300/- രൂപയും കുടുംബശ്രീ അംഗങ്ങൾക്കായുള്ള ബ്രോഷർ പ്രിന്റ് ചെയ്യുന്നതിന് ഒരു അങ്കണവാടിക്ക് 200/- രൂപയുമാണ് വകയിരുത്തിയിട്ടുള്ളത്. ടി രണ്ട് ബ്രോഷറുകളും ഒരു അങ്കണവാടിക്ക് കുറഞ്ഞത് 40 എണ്ണം വീതം ക്രമത്തിൽ CDPO തലത്തിൽ പ്രിന്റ് ചെയ്യേണ്ടതാണ്.
4. IEC പ്രവർത്തനത്തിന്റെ ഭാഗമായി പുതുതായി തെരഞ്ഞെടുക്കപ്പെടുന്ന പഞ്ചായത്ത് ഭരണസമിതി/കൗൺസിൽ അംഗങ്ങൾക്ക് ICDS പദ്ധതികളെക്കുറിച്ച് ബോധവൽക്കരണം നൽകുന്നതിനും, ALMSC അംഗങ്ങൾക്കായുള്ള ബോധവൽക്കരണം നടത്തുന്നതിനായി ചുവടെ പറയുന്ന വിഷയങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് പ്രോഗ്രാം സംഘടിപ്പിക്കേണ്ടതാണ്.
   1. സംയോജിത ശിശു വികസന പദ്ധതിയും സേവനങ്ങളും
   2. അങ്കണവാടികളുടെ ഭൗതീക സാഹചര്യം മെച്ചപ്പെടുത്തുന്നതിന് സ്വീകരിക്കാവുന്ന പ്രവർത്തനങ്ങൾ .
   3. സമ്പൂഷ്ടകേരളം പദ്ധതിയും സാമൂഹികാധിഷ്ഠിത പരിപാടികളും
   4. ICDS വഴി നടപ്പിലാക്കുന്ന വിവിധ പദ്ധതികൾ, ഫണ്ട് വകയിരുത്തൽ
   5. വനിതാ ശിശു വികസന വകുപ്പ് വഴി നൽകുന്ന മറ്റു സേവനങ്ങളും ധനസഹായപദ്ധതികളും
   6. അങ്കണവാടി വഴി ലഭിക്കുന്ന മറ്റു സേവനങ്ങൾ
   7. ഐ .സി .ഡി .എസ് പ്രവർത്തനവുമായി ബന്ധപ്പെട്ട വിവിധ സമിതികൾ, അംഗങ്ങളുടെ ഉത്തരവാദിത്തവും ചുമലതകളും
   8. ജാഗ്രതാ സമിതി
   9. VHND-Village Health Nutrition & Sanitation Committee
      വാർഡ്തല ആരോഗ്യ ശുചിത്വ പോഷണ സമിതി

**മേൽ വിഷയങ്ങൾ പ്രതിബാധിച്ചിട്ടുള്ള വിശദമായ നോട്ട് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. (Annexure-I). മേൽ പരാമർശിച്ചിട്ടുള്ള അങ്കണവാടി ഗുണഭോക്താവിനും കുടുംബശ്രീ അംഗങ്ങൾക്കുമായുള്ള ബ്രോഷർ ഇതിലേക്ക് വേണ്ടിയും ഉപയോഗപ്പെടുത്താവുന്നതുമാണ്.**

5. ഈ കാര്യാലയത്തിൽ നിന്നുള്ള 01/12/2020 തീയതിയിലെ ICDS/B1-1092/2020 നമ്പർ ഉത്തരവ് പ്രകാരമുള്ള നിർദ്ദേശങ്ങൾ നിർബന്ധമായും പാലിച്ച് അങ്കണവാടിതല IEC പ്രവർത്തനങ്ങൾക്കായി അനുവദിച്ച ഫണ്ട് 25.02.2021 ന് മുൻപായി വിനിയോഗിക്കേണ്ടതും ധനവിനിയോഗ സർട്ടിഫിക്കറ്റ് ശിശു വികസന പദ്ധതി ഓഫീസർമാർ പ്രോഗ്രാം ഓഫീസർമാർക്ക് നൽകേണ്ടതും പ്രോഗ്രാം ഓഫീസർമാർ ഈ കാര്യാലയത്തിൽ സമർപ്പിക്കേണ്ടതുമാണ്.

ഉള്ളടക്കം :IEC ബോധവൽക്കരണ നോട്ട്

വിശ്വസ്തതയോടെ

**വനിത ശിശു വികസന ഡയറക്ടർക്ക് വേണ്ടി**

**BINDU GOPINATH**
**Additional Director i/c**
Women and Child Developmen
Department
Thiruvananthapuram

SS-20

PDF processed with CutePDF evaluation edition www.CutePDF.com

**Annexture-1**

## വിഷയം 1 :സംയോജിത ശിശു വികസന പദ്ധതിയും സേവനങ്ങളും

കുട്ടികളുടെ സമഗ്ര വികസനവും അവകാശ സംരക്ഷണ സാക്ഷാത്കാരവും സാധ്യമാകുന്ന തരത്തിൽ 1975 ഒക്ടോബർ 2 ന് സംയോജിത ശിശുവികസന സേവന പദ്ധതി നിലവിൽ വന്നു. ഈ സേവന പദ്ധതി അങ്കണവാടികൾ വഴി നടപ്പിലാക്കുന്നു. നിലവിൽ സംസ്ഥാനത്ത് 258 ICDS പ്രോജക്ടുകളും അതിന്റെ കീഴിലായി 33115 അങ്കണവാടികളും പ്രവർത്തിച്ചു വരുന്നു.

**സേവനങ്ങൾ**

1. അനുപൂരക പോഷകാഹാരം
2. രോഗ പ്രതിരോധ കുത്തിവയ്പ്പ്
3. ആരോഗ്യ പരിശോധന
4. പരാമർശ സേവനം
5. സ്കൂൾ പൂർവ്വ അനൗപചാരിക വിദ്യാഭ്യാസം
6. ആരോഗ്യ പോഷണ വിദ്യാഭ്യാസം.

**ലക്ഷ്യങ്ങൾ**

1. ജനനം മുതൽ ആറു വയസുവരെയുള്ള കുഞ്ഞുങ്ങളുടെ പോഷക ആരോഗ്യ നിലവാരം മെച്ചപ്പെടുത്തുക.
2. ശിശുക്കളുടെ ശരിയായ മാനസിക ശാരീരിക സാമൂഹിക വികസനത്തിന് ആവശ്യമായ അടിത്തറ ഇടുക.
3. ശിശുമരണം, മാതൃമരണം, രോഗാവസ്ഥ, പോഷക ദാരിദ്ര്യം എന്നിവ സംഭവിക്കുന്നത് കുറയ്ക്കുക.
4. ശിശുവികസനം പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ടിയുള്ള വിവിധ വകുപ്പുകളുടെ നയങ്ങളും നടപടികളും ഫലപ്രദമായി ഏകോപിക്കുക.
5. ശരിയായ പോഷക ആരോഗ്യ ആവശ്യങ്ങൾ നിറവേറ്റുന്നതിന് അമ്മമാരെ പ്രാപ്തരാക്കുന്ന വിധത്തിൽ ശരിയായ ആരോഗ്യ പോഷക വിദ്യാഭ്യാസം നൽകുക.

PDF processed with CutePDF evaluation edition www.CutePDF.com

| | | | | | | | |
|---|---|---|---|---|---|---|---|
| 6 മാസം മുതൽ 3 വയസ്സ് വരെയുള്ള കുട്ടികൾ | അനുപൂരക പോഷകാഹാരം ,അമൃതം ന്യൂട്രിമിക്സ് | സമയബന്ധിതമായ പ്രീതിരോധ കുത്തിവെപ്പുകൾ | വളർച്ച നിരീക്ഷണം, Early stimulation, Detection of disability | ആരോഗ്യ പരിശോധന | റഫറൽ സേവനം | രക്ഷിതാക്കൾക്കുള്ള പോഷകാഹാര ആരോഗ്യ വിദ്യാഭ്യാസം | ഭവന സന്ദർശനവും ,സാമൂഹ്യാധിഷ്ഠിത പരിപാടികളും (കുഞ്ഞൂണ്, സീമന്ത സംഗമം / ദമ്പതി സംഗമം , വർണ്ണ സംഗമം ) |
| 3 മാസം മുതൽ 6 വയസ്സ് വരെയുള്ള കുട്ടികൾ | സ്കൂൾ പൂർവ്വ അനൗപചാരിക വിദ്യാഭ്യാസം, അനുപൂരക പോഷകാഹാരം | ECCE Day ശൈശവ പൂർവ്വകാല പരിചരണവും വിദ്യാഭ്യാസവും, സ്കൂൾ റെഡിനസ് | അനുപൂരക പോഷകാഹാരം | സമയബന്ധിതമായ പ്രീതിരോധ കുത്തിവെപ്പുകൾ, | വളർച്ച നിരീക്ഷണം, റഫറൽ സേവനം | രക്ഷിതാക്കൾക്കുള്ള പോഷകാഹാര ആരോഗ്യ വിദ്യാഭ്യാസം | |
| ഗർഭിണികൾ | അനുപൂരക പോഷകാഹാരം | ആസൂത്രിത ഗർഭധാരണം , പ്രീതിരോധ കുത്തിവെപ്പുകൾ, IFA Tablets | പ്രസവകാല പരിശോധനയും പരാമർശ സേവനവും | പോഷകാഹാര ആരോഗ്യ വിദ്യാഭ്യാസം | കുഞ്ഞിന്റെ ആദ്യ 1000 ദിവസങ്ങൾ ,ബോധവൽക്കരണം | PMMVY $1^{st}$ & 2 nd | |
| മുലയൂട്ടുന്ന അമ്മമാർ | അനുപൂരക പോഷകാഹാരം ആദ്യത്തെ 6 മാസം വരെ | പ്രസവാനന്തര പരിശോധനയും പരാമർശ സേവനവും | സമ്പൂർണ്ണ മുലയൂട്ടൽ, ബോധവൽക്കരണം | കുഞ്ഞിന്റെ ആദ്യ 1000 ദിവസങ്ങൾ ,ബോധവൽക്കരണം | PMMVY, $3^{rd}$ | പോഷകാഹാര ആരോഗ്യ വിദ്യാഭ്യാസം | |
| കൗമാര പ്രായക്കാരായ പെൺകുട്ടികൾ | അനുപൂരക പോഷകാഹാരം | ആരോഗ്യ പരിശോധനയും പരാമർശ സേവനവും | കൗമാര ക്ലാസ്, കൗമാര ക്ലബ്ബ് | വളർച്ച നിരീക്ഷണം ,BMI /വിളർച്ച നിർണ്ണയം | സ്കൂൾ കൊഴിഞ്ഞ് പോക്ക് തടയുക | സൈക്കോ സോഷ്യൽ കൗൺസിലറുടെ സേവനം | |

## വിഷയം. 2 : അങ്കണവാടികളുടെ ഭൗതീക സാഹചര്യം മെച്ചപ്പെടുത്തുന്നതിന് സ്വീകരിക്കാവുന്ന പ്രവർത്തനങ്ങൾ

അങ്കണവാടിയുടെ ഭൗതികസാഹചര്യം മെച്ചപ്പെടുത്തിന്നതിൽ തദ്ദേശസ്വയം ഭരണ വകുപ്പിന്റെ സമയ ബന്ധിതമായ ഇടപെടൽ അനിവാര്യമാണ്. ശിശു സുരക്ഷയും അവരുടെ വികാസവും മാനസിക ഉല്ലാസവും ഉറപ്പാക്കുന്നതിന് സൗകര്യങ്ങൾ മെച്ചപ്പെടുത്തുക എന്നത് അത്യാന്താപേക്ഷിതമാണ്. ശുദ്ധമായി വെള്ളം വെളിച്ചം, സുരക്ഷിതമായ കെട്ടിടം – നിർമ്മിക്കലും, പുതുക്കലും, ഫർണിച്ചർ മറ്റ് ഉപകരണങ്ങൾ വാങ്ങൽ എന്നിവ വാർഡ് മെമ്പറുടെയും മറ്റ് അഭ്യതയകാംക്ഷികളായ വ്യക്തികളുടെയും കൂട്ടായ്മകളുടെയും സഹകരണത്തോടെ നടപ്പിൽ വരുത്തുന്നതിന് ALMSC പ്രത്യേക ഊന്നൽ നൽകേണ്ടതുണ്ട്.

## വിഷയം. 3 : സമ്പുഷ്ടകേരളം പദ്ധതിയും സാമൂഹികാധിഷ്ഠിത പരിപാടികളും

**സമ്പുഷ്ടകേരളം**

കേരളത്തിലെ അമ്മമാരിലും കുട്ടികളിലും ഉണ്ടാകുന്ന പോഷണക്കുറവ് പരിഹരിക്കുക എന്ന ലക്ഷ്യത്തോടെ പോഷൻ അഭിയാന്റെ ( National Nutrition Mission –NNM) ഭാഗമായി സംസ്ഥാന വനിത ശിശു വികസന വകുപ്പ് ആവിഷ്കരിച്ച പദ്ധതിയാണ് സമ്പുഷ്ടകേരളം.

**ലക്ഷ്യങ്ങൾ**

- ആറു വയസ്സുവരെയുള്ള കുട്ടികളിൽ കാണുന്ന വളർച്ചാ മുരടിപ്പ്, പോഷണക്കുറവ്, വിളർച്ച എന്നിവ കുറയ്ക്കുക.
- സ്ത്രീകളിലും കൗമാരക്കാരിലും കാണുന്ന വിളർച്ച കുറയ്ക്കുക.
- ഭാരക്കുറവുള്ള കുഞ്ഞുങ്ങളുടെ ജനനസാദ്ധ്യത കുറയ്ക്കുക.
- സമ്പൂർണ മുലയൂട്ടൽ സാധ്യമാക്കുക.
- സ്ത്രീകളിലെയും കുട്ടികളിലെയും അമിതഭാരം കുറയ്ക്കുക.
- ആദ്യ 1000 ദിനങ്ങളുടെ പ്രാധാന്യത്തിനു ഊന്നൽ നൽകുക.

ഈ ലക്ഷ്യങ്ങൾ മുൻനിർത്തി ന്യൂട്രീഷൻ പാരന്റിംഗ് ക്ലിനിക്കും അതോടൊപ്പം സാമൂഹികാധിഷ്ഠിത പരിപാടികളും നടപ്പിലാക്കി വരുന്നു.

**ന്യൂട്രീഷൻ & പാരന്റിംഗ് ക്ലീനിക്**

സ്ത്രീകളിലും കുട്ടികളിലും കാണുന്ന ന്യൂനപോഷണം, വളർച്ചാ മുരടിപ്പ്, അനീമിയ എന്നിവ തടയുന്നതിനായി പോഷകാഹാര വിദഗ്ധന്റെ സേവനം ന്യൂട്രിഷൻ & പാരന്റിംഗ് ക്ലിനിക്ക് വഴി നടപ്പിലാക്കി വരുന്നു. എല്ലാ ബ്ലോക്കുകളിലും ആഴ്ചയിൽ രണ്ടു ദിവസം ന്യൂട്രിഷനിസ്റ്റിന്റെ സേവനം നൽകി വരുന്നു.

## സാമൂഹികാധിഷ്ഠിത പരിപാടികൾ - (Community Based Events)

### i. സീമന്തസംഗമം

- സുരക്ഷിത ഗർഭാവസ്ഥയ്ക്കായി ഗർഭിണിയേയും കുടുംബാഗങ്ങളെയും ആരോഗ്യ പോഷണ പരിചരണം സജ്ജമാക്കുക.
- ആരോഗ്യ വകുപ്പ് / ഐസിഡിഎസിൽ നിന്നും ലഭ്യമാക്കുന്ന സേവനങ്ങളെ കുറിച്ച് അവബോധം നല്കുക.
- ഗർഭാവസ്ഥയിൽ ആവശ്യമായ പ്രത്യേക പരിചരണവും ശ്രദ്ധയും നൽകേണ്ടതിന്റെ ആവശ്യകത കുടുംബാംഗങ്ങളെടും സുഹൃത്തുക്കളെയും ബോധവത്കരിക്കുക.
- PMMVY, JSY ആനുകല്യത്തെ കുറിച്ച് അവബോധം സൃഷ്ടിക്കുക

**ഗുണഭോക്താക്കൾ - ഗർഭിണിയും കുടുംബവും**

### ii. കുഞ്ഞൂണ്

- 6 മാസം മുതൽ പരിപൂരക പോഷകാഹാരം നൽകേണ്ടതിന്റെ ആവശ്യകത ബോധ്യപ്പെടുത്തുന്നു.
- കുട്ടികൾ പ്രാദേശികമായി ലഭ്യമാക്കാവുന്ന സമൃദ്ധമായ ആഹാരം നൽകേണ്ടതിന്റെ ആവശ്യകതയെപ്പറ്റി അവബോധം നൽകുക.
- 6 മാസം പൂർത്തിയാക്കിയ കുട്ടികൾക്ക് പരിപൂരക പോഷകാഹാരം നൽകുന്നുണ്ടെന്ന് ഉറപ്പാക്കുക.

**ഗുണഭോക്താക്കൾ - 6 മാസം പ്രായം ഉള്ള കുഞ്ഞുങ്ങളും കുടുംബവും**

### iii. ദമ്പതീ സംഗമം

- അമ്മയുടെയും കുട്ടിയുടെയും ആരോഗ്യ പോഷണ നിലവാരം മെച്ചപ്പെടുത്തുക.
- അമ്മയുടെയും കുട്ടിയുടെയും പോഷണം ഉറപ്പു വരുത്തുവാൻ ഭർത്താവിന് അവബോധം നല്കുക.
- പുരുഷൻമാരെ ഉത്തരവാദിത്വമുള്ള പിതൃത്വത്തിലേക്ക് നയിക്കുക.

**ഗുണഭോക്താക്കൾ - നവദമ്പതികളും കുടുംബാഗങ്ങളും**

### iv. നിർമ്മൽ സംഗമം

- പൊതുജന ആരോഗ്യത്തിന്റെ പ്രാധാന്യത്തെക്കുറിച്ചും രോഗ നിരക്ക് കുറയ്ക്കുന്നത് സംബന്ധിച്ചുള്ള അവബോധം സൃഷ്ടിക്കുക

**ഗുണഭോക്താക്കൾ - അങ്കണവാടി ഗുണഭോക്താക്കൾ (PM/LM/AG/Pre schoolers)**

**v. <u>വർണ്ണസംഗമം</u>**

- അങ്കണവാടികളിലെ കൗമാര ക്ലാസ്സുകൾ ശക്തിപ്പെടുത്തുക.
- കൗമാരക്കാരിൽ നേതൃപാടവും സാമൂഹിക അവബോധവും നല്കുക.
- ആരോഗ്യപരമായ ജീവിത ശൈലികൾ രൂപപ്പെടുത്തുക.
- മാനസികാരോഗ്യം പോഷിപ്പിക്കുക.
- കരിയർ ഗൈഡൻസ് നല്കുക

  **ഗുണഭോക്താക്കൾ - കൗമാരപ്രായക്കാർ**

**ഇതു കൂടാതെ കാലാനുസൃതമായി സാമൂഹിക പ്രസക്തി ഉള്ളതും പൊതുജനശ്രദ്ധ അനിവാര്യവുമായ പരിപാടികളും നടപ്പിലാക്കുന്നു. പ്രവേശനോത്സവം, ബാലികാദിനം തുടങ്ങിയവ..**

## വിഷയം. 4 : ICDS വഴി നടപ്പിലാക്കുന്ന വിവിധ പദ്ധതികൾ, ഫണ്ട് വകയിരുത്തൽ

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | ഗുണഭക്താക്കൾ | മാനദണ്ഡങ്ങൾ | ആവശ്യമായ രേഖകൾ | തുക |
|---|---|---|---|---|---|
| 1 | പ്രധാനമന്ത്രി മാതൃവന്ദന യോജന ( pmmvy) | ആദ്യമായി ഗർഭിണിയാകുന്ന സ്ത്രീകൾ | -നിയമപരമായി വിവാഹം കഴിച്ചവർ<br>-19 വയസ്സ് പൂർത്തിയായവർ<br>-ആദ്യ ഗർഭം<br>- മറ്റേതെങ്കിലും പദ്ധതിപ്രകാരം പ്രസവ ധനസഹായം ലഭ്യമാകാത്തവർ<br>- കേന്ദ്ര/സംസ്ഥാന സർക്കാർ പൊതുമേഖലാസ്ഥാപനങ്ങളിൽ ചെയ്യാത്തവർ,<br>- ശമ്പളത്തോടുകൂടിയ പ്രസവാവധി ലഭിക്കാത്തവർ.<br>**അപേക്ഷകർ അങ്കണവാടികലിൽ സമർപ്പിക്കേണ്ടതാണ്.** | <u>ആദ്യ ഗഡു</u><br>ഫോം . 1എ ( MCP card ന്റെ കോപ്പി, ഗുണഭോക്താവിന്റെ ആദാർ കോപ്പി, ആധാർ സീഡ് ചെയ്ത ബാങ്ക് അക്കൗണ്ടിന്റെ കോപ്പി)<br><u>രണ്ടാം ഗഡു</u><br>ഫോം . ബി (( MCP card ന്റെ കോപ്പി,, ANC തീയതി കാണിക്കുന്ന രേഖ)<br><u>മൂന്നാം ഗഡു</u><br>ഫോം - സി (Birth Certificate) കുഞ്ഞിന്റെ ആദ്യഘട്ട പ്രതിരോധ കുത്തിവെയ്പ്പ് നൽകിയിരിക്കണം | 1000/-<br>2000/-<br>2000/- |

# പ്രധാനമന്ത്രി മാതൃവന്ദന യോജന

PMMVY

## ഒരു കേന്ദ്രാവിഷ്കൃത പദ്ധതി



**ഏതെങ്കിലും ഗഡു ആനുകൂല്യം കൈപറ്റിയതിനു ശേഷം ഗർഭച്ഛിദ്രമോ, ചാപിള്ള ജനനമോ ഉണ്ടായാൽ അടുത്ത ഗർഭാവസ്ഥയ്ക്ക് മുഴുവൻ ആനുകൂല്യങ്ങൾക്കും അർഹത ഉണ്ട്.**

## ആദ്യ ഗർഭധാരണത്തിനു സർക്കാർ ധനസഹായം 5000 രൂപ

| ഗഡു | നിബന്ധനകൾ | തുക |
|---|---|---|
| ഒന്നാം ഗഡു | 150 ദിവസത്തിനുള്ളിൽ ഗർഭം രജിസ്റ്റർ ചെയ്തിരിക്കണം. (MCP കാർഡിൽ/ആശുപത്രി കാർഡിൽ രേഖപെടുത്തലുകൾ അനിവാര്യം.) | Rs. 1000/- |
| രണ്ടാം ഗഡു | 180 ദിവസത്തിനുള്ളിൽ ഒരു ANC/ആശുപത്രി പരിശോധന എങ്കിലും കഴിഞ്ഞിരിക്കണം. | Rs. 2000/- |
| മൂന്നാം ഗഡു | കുട്ടിയുടെ ജനനം രജിസ്റ്റർ ചെയ്തിരിക്കണം. കുട്ടിക്ക് ആദ്യ റൗണ്ട് പ്രതിരോധ കുത്തിവെയ്പ് നൽകിയിരിക്കണം. (MCP കാർഡിൽ/ആശുപത്രി കാർഡിൽ രേഖപെടുത്തലുകൾ അനിവാര്യം.) | Rs. 2000/- |

**ST വിഭാഗത്തിലുള്ള അപേക്ഷകർക്ക് ജനനി ജന്മരക്ഷ പദ്ധതി ഉള്ളതു കൊണ്ട് PMMVY ആനുകൂല്യം ലഭ്യമായില്ല. എന്നാൽ ടി. ആനുകൂല്യം ലഭിച്ചിട്ടില്ല എന്ന ട്രൈബൽ ഡവലപ്പ്മെന്റ് ഓഫീസറുടെ സാക്ഷ്യപത്രം ഹാജരാക്കിയാൽ ആനുകൂല്യം ലഭിക്കുന്നതാണ്.**

**MCP കാർഡ്**

**(മാതൃശിശു സംരക്ഷണ കാർഡ്) , സർക്കാർ / ആശുപത്രികളിൽ നിന്നും ഗർഭകാല / പ്രസവകാല പ്രതിരോധ വിവരങ്ങൾ**

വിശദ വിവരങ്ങൾക്ക്
തൊട്ടടുത്ത അങ്കണവാടി കേന്ദ്രവുമായി ബന്ധപ്പെടുക

## എന്താണ് പ്രധാനമന്ത്രി മാതൃവന്ദന യോജന

**ഗർഭിണികൾക്കും പാലൂട്ടുന്ന അമ്മമാർക്കും അർഹതയുടെ അടിസ്ഥാനത്തിൽ സാമ്പത്തിക സഹായം ആധാർ സീഡഡ് അക്കൗണ്ടിലേക്ക് നേരിട്ട് നിക്ഷേപിക്കുന്ന പദ്ധതിയാണിത്.**

## ഗുണഭോക്താക്കൾ

- നിയമപരമായി വിവാഹം കഴിച്ചവർ
- 19 വയസ്സ് പൂർത്തിയായവർ
- ആദ്യ ഗർഭം
- മറ്റേതെങ്കിലും പദ്ധതി പ്രകാരം പ്രസവ ധനസഹായം ലഭ്യമാകാത്തവർ
- കേന്ദ്ര / സംസ്ഥാന സർക്കാർ / പൊതുമേഖലാ സ്ഥാപനങ്ങളിൽ ജോലി ചെയ്യാത്തവർ
- ശമ്പളത്തോടു കൂടിയ പ്രസവാവധി ലഭ്യമാകാത്തവർ

Note: ഭർത്താവ് കേന്ദ്ര സംസ്ഥാന പൊതുമേഖല സ്ഥാപനത്തിൽ ഉദ്യോഗസ്ഥരാണെങ്കിലും മേൽ പറഞ്ഞ വിഭാഗത്തിൽപ്പെട്ട ഭാര്യ ഈ ആനുകൂല്യത്തിന് അർഹയാണ്.

## ധനസഹായം ലഭിക്കുവാൻ എന്ത് ചെയ്യണം?

ഗർഭിണിയാണെന്ന് അറിഞ്ഞാലുടൻ അങ്കണവാടി വർക്കർ/ആരോഗ്യപ്രവർത്തക/ആശ ഇവരിൽ ആരെയെങ്കിലും അറിയിക്കുക.

LMP കഴിഞ്ഞ് 150 ദിവസത്തിനകം ആരോഗ്യകേന്ദ്രം/ആശുപത്രി/അങ്കണവാടി ഇവയിൽ എവിടെയെങ്കിലും രജിസ്റ്റർ ചെയ്യുക.

ധനസഹായം ലഭിക്കുവാൻ പോസ്റ്റ് ഓഫീസിലോ ദേശസാൽകൃത ബാങ്കിലോ അപേക്ഷയുടെ പേരിൽ അക്കൗണ്ട് തുടങ്ങുക.

ഗർഭിണിക്കും ഭർത്താവിനും ആധാർ നിർബന്ധം.

MCP കാർഡിൽ ആരോഗ്യകേന്ദ്രത്തിലോ മറ്റേതെങ്കിലുംആശുപത്രികളിലോ രജിസ്റ്റർ ചെയ്ത തീയതി, ഗർഭകാല പരിശോധനകൾ,പ്രതിരോധ കുത്തിവയ്പ്പുകൾ ഇവയുടെ വിവരങ്ങൾ രേഖപ്പെടുത്തുന്നുവെന്നു ഉറപ്പു വരുത്തുക.
(ഒന്നാമത്തെ പ്രസവം/അബോർഷൻ/ചാപിള്ള/ശിശുമരണം ഇവ ഉണ്ടെങ്കിൽ വ്യക്തമായി രേഖപ്പെടുത്തണം).

## താഴെ പറയുന്ന മാനദണ്ഡങ്ങൾ പൂർത്തിയാക്കുന്നവർക്ക് ഒന്നാം ഗഡു 1000 രൂപ ധനസഹായം ലഭിക്കുന്നതാണ്.

ദമ്പതികളുടെ പേരിലുള്ള ആധാർ, ഗർഭിണിയുടെ മാത്രം പേരിലുള്ള ബാങ്ക് അക്കൗണ്ടിന്റെ നമ്പർ, അങ്കണവാടിയിൽ നിന്നും ലഭിക്കുന്ന 1A, 1B, 1C, ബാങ്കിൽ നിന്നും ലഭിക്കുന്ന ആധാർ സീഡ് സർട്ടിഫിക്കറ്റ്

അങ്കണവാടിയിൽ നിന്നും ലഭിക്കുന്ന 1A, 1B, 1C പൂരിപ്പിച്ച് ബാങ്ക് പാസ്സ്ബുക്ക് എം സി പി കാർഡ്/ ആശുപത്രി കാർഡ്, ദമ്പതികളുടെ ആധാർ എന്നിവയുടെ പകർപ്പുകൾ സഹിതം അടുത്തുള്ള അങ്കണവാടി കേന്ദ്രത്തിൽ നൽകുക.

## 180 ദിവസത്തിനുള്ളിൽ ഒരു ANC പൂർത്തിയാക്കിയാൽ 2000 രൂപ രണ്ടാം ഗഡു ധനസഹായം ലഭിക്കുന്നതാണ്.

ആറുമാസം പൂർത്തിയാവുന്നതിന് മുൻപ് ഒരു ഗർഭകാല പരിശോധന നടത്തുക, ഗർഭകാല പരിശോധന നടത്തിയതിന്റെ വിവരങ്ങൾ MCP കാർഡിൽ രേഖപ്പെടുത്തുക.

അങ്കണവാടിയിൽ നിന്നും ലഭിക്കുന്ന ഫോറം 1 B പൂരിപ്പിച്ച് ഗർഭകാല പരിശോധന വിവരങ്ങൾ രേഖപ്പെടുത്തിയ MCP കാർഡിന്റെ/ ആശുപത്രി കാർഡിന്റെ പകർപ്പുമായി അങ്കണവാടിയിൽ നൽകുക.

## കുഞ്ഞിന്റെ ജനനം രജിസ്റ്റർ ചെയ്ത് ആദ്യഘട്ട കുത്തിവയ്പ്പുകൾ പൂർത്തിയാകുമ്പോൾ മൂന്നാം ഗഡു 2000 രൂപ ധനസഹായം ലഭിക്കുന്നതാണ്.

കുഞ്ഞിന്റെ ജനനം രജിസ്റ്റർ ചെയ്യുക.

കുഞ്ഞിന്റെ ആദ്യഘട്ട പ്രതിരോധ (6 മാസത്തിനകം ഉള്ളത്) കുത്തിവയ്പ്പുകൾ പൂർത്തിയാക്കുക.

അങ്കണവാടിയിൽ നിന്നും ഫോറം 1C പൂരിപ്പിച്ച് ജനന സർട്ടിഫിക്കറ്റ്, പ്രതിരോധ കുത്തിവയ്പ്പുകൾ രേഖപ്പെടുത്തിയ MCP കാർഡിന്റെ/ആശുപത്രി കാർഡിന്റെ പകർപ്പുകൾ മുതലായവ അങ്കണവാടിയിൽ നൽകുക.

C ഫോമിനൊപ്പം JSY ആനുകൂല്യം സംബന്ധിച്ച വിവരം ലഭ്യമാക്കണം.

# വിഷയം .5 :വനിതാ ശിശു വികസന വകുപ്പ് വഴി നൽകുന്ന മറ്റു സേവനങ്ങളും ധനസഹായപദ്ധതികളും

## വനിത സംരക്ഷണ കാര്യാലയം (WPO)

വനിതകൾക്ക് നേരെയുള്ള ഗാർഹിക പീഡനങ്ങളും ലൈഗീംക അതിക്രമങ്ങൾ, തൊഴിലിടങ്ങളുലും മറ്റ് പൊതു സ്ഥലങ്ങളിലുമുള്ള പീഡനങ്ങൾ എന്നിവ അറിയിക്കുന്നതിനും നിയമപരമായ സൗജന്യ സേവനങ്ങൾ ലഭ്യമാകുന്നതിന് വേണ്ടി പ്രവർത്തിക്കുന്നു. ഗാർഹിക പീഡനത്തിനെതിരെ സ്ത്രീകൾക്കു മാത്രമേ നിയമപ്രകാരം പരാതി നൽകാൻ കഴിയൂ.

**ആർക്കെതിരെയാണ്?**

പീഡനത്തിനിരയായ സ്ത്രീകളുമായി ഗാർഹിക ബന്ധത്തിൽ എർപ്പെട്ടിരിക്കുന്ന പ്രായപൂർത്തിയായ ഏതൊരു പുരുഷനും അല്ലെങ്കിൽ അയാളുടെ ബന്ധുവിനും (സ്ത്രീകൾക്കും) പരാതി നൽകാം.

**എങ്ങനെ / എവിടെ പരാതിപ്പെടാം**

- പ്രൊട്ടക്ഷൻ ഓഫീസർ
- പോലീസ് ഉദ്യോഗസ്ഥൻ
- സേവനദാതാവ്
- ഫസ്റ്റ് ക്ലാസ്സ് ജുഡീഷ്യൽ മജിസ്ട്രേറ്റ്
  എന്നിവർക്ക് ടെലിഫോൺ വഴി അല്ലെങ്കിൽ രേഖാമൂലം പരാതി നൽകാവുന്നതാണ്.

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | ഗുണഭക്താക്കൾ | മാനദണ്ഡങ്ങൾ | ആവശ്യമായ രേഖകൾ | തുക |
|---|---|---|---|---|---|
| 1 | പടവുകൾ | അംഗീകൃത പ്രൊഫഷണൽ കോഴ്സ് മെറിറ്റടിസ്ഥാനത്തിൽ പഠിക്കുന്ന വിദ്യാർത്ഥികൾ | 1.വിധവയുടെ മകൻ /മകൾ 2.മെറിറ്റ് അടിസ്ഥാനത്തിൽ സർക്കാർ/എയ്ഡഡ് സ്ഥാപനങ്ങളിൽ പഠിക്കുന്നവർ 3.കേന്ദ്ര സംസ്ഥാന സർക്കാരുകൾ അംഗീകരിച്ചിട്ടുള്ള പ്രൊഫഷണൽ കോഴ്സുകൾ | 1.അപേക്ഷാഫോം 2.കോഴ്സ് ഫീസ് സംബന്ധിച്ച് വിദ്യാലയ മേലധികാരിയുടെ സാക്ഷ്യപത്രം വില്ലേജ് ഓഫീസർ നൽകിയ വിധവാ സർട്ടിഫിക്കറ്റ് 3.വരുമാന സർട്ടിഫിക്കറ്റ് 4.അടിസ്ഥാന വിദ്യാഭ്യാസ യോഗ്യത സർട്ടിഫിക്കറ്റ് 5.മുൻവർഷം ധനസഹായം ലഭിച്ചവർ ട്യൂഷൻ ഫീസ്, | 3000/- - 10,000/- |

| | | | | | |
|---|---|---|---|---|---|
| | | | 4.കുടുംബ വാർഷിക വരുമാനം 3 ലക്ഷം<br>5.സർക്കാർ തലത്തിൽ നിന്നും മറ്റ് സ്കോളർഷിപ്പുകൾ ലഭിക്കാത്തവർ<br>6.അങ്കണവാടി വർക്കർ / ഹെൽപ്പർ / ആശാവർക്കർ പാർട്ട്ടൈം കണ്ടിജന്റ് ജീവനക്കാർ ഒഴികെ ഉള്ള സർക്കാർ ജീവനക്കാരുടെ മക്കൾക്ക് അർഹതയില്ല | ഹോസ്റ്റൽ ഫീസ്, മെസ് ഫീസ് എന്നിവയുടെ രസീത്<br>6. ധനസഹായ തുക മേൽ പറഞ്ഞ തുകയിൽ അധികരിക്കുന്നില്ല എന്ന അപേക്ഷകയുടെ സാക്ഷ്യപത്രം. | |
| 2 | മംഗല്യ | വിധവകൾ, നിയമപരമായി വിവാഹമോചിതരായ 18-50 വയസു വരെ പ്രായമുള്ള വനിതകൾ | വിധവ, നിയമപരമായി വിവാഹമോചിതർ | പുനർ വിവാഹത്തിന്റെ തെളിവ്,വിവാഹമോചനത്തിന്റെ രേഖ, നിയമാനുസൃത പുനഃ വിവാഹ രജിസ്ട്രേഷൻ രേഖ, BPL/ മുൻഗണന വിഭാഗത്തിൽ ഉൾപ്പെട്ടത് സംബന്ധിച്ച രേഖ(Ration card copy), SSLC certificate, Bank passbook copy, death certificate | 25000/- |
| 3 | അഭയ കിരണം | വിധവകളുടെ അടുത്ത ബന്ധുക്കൾ | 50 വയസ്സിനു മുകളിൽ പ്രായമുള്ള വിധവകളെ സംരക്ഷിക്കുന്നവർ | വിധവയാണെന്നും ബന്ധുക്കളുടെ സംരക്ഷണത്തിലാണെന്നും തെളിയിക്കുന്ന വില്ലേജ് ഓഫീസറുടെ സർട്ടിഫിക്കറ്റ്, വരുമാന സർട്ടിഫിക്കറ്റ്, BPL certificate, അപേക്ഷകയുടെ /അപേക്ഷകന്റെ ബാങ്ക് പാസ്സ് ബുക്ക് കോപ്പി | 1000/- per month |
| 4 | സഹായ ഹസ്തം | 55 വയസ്സിൽ താഴെയുള്ള വിധവകൾ | 55 വയസ്സിൽ താഴെയുള്ള വിധവ | വയസ്സ് തെളിയിക്കുന്ന certificate, income certificate, Ration card copy, Bank pass book copy, അപേക്ഷക വിധവയാണെന്നും | 10,000/- |

| | | | | | |
|---|---|---|---|---|---|
| | | | | പുന:വിവാഹം ചെയ്തിട്ടില്ല എന്നുമുള്ള വില്ലേജ് ഓഫീസറുടെ സർട്ടിഫിക്കറ്റ്. | |
| 5 | വനിതകൾ ഗൃഹനാഥരായവരുടെ കുട്ടികൾക്കുള്ള വിദ്യാഭ്യാസ ധനസഹായം | കുട്ടികൾ | അച്ഛൻ ഉപേക്ഷിച്ച് പോയതോ, മാരക രോഗത്താൽ അച്ഛൻ കിടപ്പിലായതോ ആയിട്ടുള്ള കുട്ടികൾ | Death certificate / കിടപ്പ് രോഗിയാണെന്ന തെളിവ്, BPL certificate, ration card, മറ്റ് സ്കോളർഷിപ്പുകൾ ലഭിച്ചിരുന്നില്ല എന്ന് സ്കൂൾ മേധവി നൽകുന്ന സർട്ടിഫിക്കറ്റ്, സ്കൂൾ സർട്ടിഫിക്കറ്റ്, അപേക്ഷകയുടെയും കുട്ടിയുടെയും പേരിലുള്ള ജോയിന്റ് അക്കൗണ്ട് ബാങ്ക് പാസ്സ് ബുക്ക് കോപ്പി | 3000/- മുതൽ 10000/- വരെ |
| 6 | ആശ്വാസനിധി | സ്ത്രീകളും, കുട്ടികളും | 1.ആസിഡ് ആക്രമണം<br>2.ഗാർഹിക പീഡനം<br>3.ലൈംഗിക അതിക്രമങ്ങൽക്ക് ഇരയായ സ്ത്രീകളും, കുട്ടികളും.<br>അപേക്ഷ സമർപ്പിക്കേണ്ടത്  DCPO / WPO | ബന്ധപ്പെട്ട ജില്ലയിലെ സംരക്ഷണ ഓഫീസർ / ജില്ല ശിശു സംരക്ഷണ ഓഫീസർ എന്നിവരുടെ ഹ്രസ്വ റിപ്പോർട്ട് FID / DIRബാങ്ക് പാസ് ബുക്ക് കോപ്പി ആധാർ കോപ്പി ചികിത്സ വിവരങ്ങൾ നിയമ റിപ്പോർട്ട് പോലീസ് റിപ്പോർട്ട് | 25000/- രൂപ മുതൽ 1 ലക്ഷം വരെ |

## വിഷയം .6 :അങ്കണവാടി വഴി ലഭിക്കുന്ന മറ്റു സേവനങ്ങൾ

### 1. സംയോജിത ശിശു സംരക്ഷണ സമിതി - ICPS

കുട്ടികൾക്ക് നേരെയുള്ള ശാരീരിക മാനസിക ലൈംഗിക പീഡനങ്ങൾ തടയുന്നതിനും അവരുടെ അവകാശങ്ങളും ഉത്തമ താല്പര്യങ്ങളും സംരക്ഷിക്കുന്നതിനും വേണ്ടി ആവിഷ്കരിച്ച സമഗ്ര പദ്ധതിയാണ് സംയോജിത ശിശു സംരക്ഷണ പദ്ധതി.

ലക്ഷ്യംഗ്രൂപ്പ്

- നിയമവുമായി പൊരുത്തപ്പെടാത്ത കുട്ടികൾ
- നിയമവുമായി സമ്പർക്കത്തിലേർപ്പെടുന്ന കുട്ടികൾ

- പ്രത്യേക പരിചരണവും ശ്രദ്ധയും ആവശ്യമുള്ള കുട്ടികൾ
- ഏതെങ്കിലും തരത്തിൽ അതിക്രമത്തിന് ഇരയായ കുട്ടികൾ
- ബാലവേലയിൽ ഏർപ്പെടേണ്ടി വരുന്ന കുട്ടി
- തെരുവിൽ അലയുന്നതും ഭിക്ഷ യാചിക്കുന്നതുമായ കുട്ടികൾ
- മാതാപിതാക്കൾക്ക് സംരക്ഷിക്കാൻ ശേഷിയില്ലാത്തതിനാൽ ബുദ്ധിമുട്ടനുഭവിക്കുന്ന കുട്ടികൾ
- തീർത്തും അനാഥരായ കുട്ടികൾ
- HIV ബാധിതനായ കുട്ടികൾ
- മദ്യം, മയക്കുമരുന്ന് തുടങ്ങിയ ലഹരി പദാർത്ഥങ്ങൾക്ക് അടിമപ്പെട്ട കുട്ടികൾ

**സത്വരമായി സേവനം ലഭ്യമാകുന്നതിന് land line, mobile എന്നിവയിൽ നിന്നും വിളിക്കാവുന്ന ടോൾ ഫ്രീ നമ്പർ - 1098**

## 2. <u>സൈക്കോ സോഷ്യൽ പദ്ധതി</u>

കാമാരക്കാരുടെ ശാരീരിക മാനസിക സാമൂഹിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും സമഗ്ര വികമനത്തിനും വേണ്ടി ഓരോ ഐസിഡിഎസ് പ്രോജക്ട് ഓഫീസ് പരിധി ഉൾപ്പെട്ടിട്ടുള്ള സർക്കാർ, അർദ്ധ സർക്കാർ സ്കൂളുകളിലും സൈക്കോ സോഷ്യൽ കൗണ്ടസിലർമാരുടെ സേവനം ലഭ്യമാണ്. 258 ഐസിഡിഎസ് ന്റെ കീഴിൽ വരുന്ന എല്ലാ അങ്കണവാടി കൗമാര ക്ലബ്, മദേഴ്സ് മീറ്റിംഗ് എന്നിവയിൽ കൗൺസിലർമാരുടെ സജീവ പങ്കാളിത്തം ഉണ്ട്. കുട്ടികളുടെ കുടുംബങ്ങളിലേക്കും കൗൺസിലർമാർ എത്തി പ്രശ്ന പരിഹാരം നടത്താറുണ്ട്.

# വിഷയം .7 : ഐ .സി .ഡി .എസ് പ്രവർത്തനവുമായി ബന്ധപ്പെട്ട വിവിധ സമിതികൾ, അംഗങ്ങളുടെ ഉത്തരവാദിത്തവും ചുമലതകളും

## ഐ.സി.ഡി.എസ് പ്രവർത്തനവുമായി ബന്ധപ്പെട്ട വിവിധ സമിതികൾ

### മോണിറ്ററിങ്ങ് & സപ്പോർട്ടിങ്ങ് കമ്മിറ്റി

### അങ്കണവാടി തലം ( ALMSC - Anganwady Level Monitoring and Supporting Committee)

| അംഗങ്ങൾ/ ഘടന | ചുമതലകൾ | യോഗങ്ങളുടെ കാലയളവ് |
|---|---|---|
| 1 വാർഡ് മെമ്പർ (ചെയർമാൻ)<br>2 അങ്കണവാടി വർക്കർ<br>3 ICDS സൂപ്പർവൈസർ<br>4 പ്രദേശത്തെ മഹിളാ സമാജത്തിലെ 2 അംഗങ്ങൾ<br>5 സ്വയം സഹായ സംഘാംഗളായ 2 പേർ<br>6 PHC യിലെ മെഡിക്കൽ ഓഫീസർ<br>7 പൊതു സമൂഹത്തിൽ നിന്നും ഒരാൾ (അധ്യാപകർ/റിട്ട. സർക്കാർ ഉദ്യോഗസ്ഥർ)<br>8 ആശ വർക്കർമാരിൽ നിന്നും 2 പ്രതിനിധികൾ | 1 അങ്കണവാടി പ്രവർത്തനങ്ങൾ വിലയിരുത്തുക<br>2 സർവേയിൽ ഉൾപ്പെട്ടിട്ടുള്ള എല്ലാ ഗുണഭോക്താക്കൾക്കും സേവനങ്ങൾ ലഭ്യമാകുന്നു എന്ന് ഉറപ്പുവരുത്തുക<br>3 എല്ലാ ഗുണഭോക്താക്കൾക്കും ചുരുങ്ങിയത് 21 ദിവസം ഗുണമേന്മയുള്ള പോഷകാഹാരം ലഭിക്കുന്നുണ്ടോ എന്ന് അവലോകനം നടത്തുക<br>4 06 വയസ്സ് പ്രായമുള്ള കുട്ടികളുടെ പോഷണ നിലവാരം, വളർച്ച നിരീക്ഷണം, MCP കാർഡുകളുടെ ലഭ്യത, ഗുരുതര/ലഘു പോഷണ ന്യൂനതകൾ ഉള്ള കുട്ടികളുടെ എണ്ണവും അവ കുറക്കുന്നതിന് സ്വീകരിച്ച നടപടികളും വിലയിരുത്തുക<br>5 പ്രീ സ്കൂൾ പ്രവർത്തനം വിലയിരുത്തുക<br>6 വാർഡ് തല ആരോഗ്യ പോഷണ ശുചിത്വ സമിതി യോഗങ്ങളിൽ അങ്കണവാടി പ്രവർത്തകരുടെ പങ്കാളിത്തം ഉറപ്പ് വരുത്തുക<br>7 അംഗങ്ങളിൽ അംഗനവാടി/ ആരോഗ്യ പ്രവർത്തകർക്ക് പുറമെ ഒരാളെങ്കിലും വാർഡ് തല ആരോഗ്യ പോഷണ ദിനാചരണങ്ങളിൽ പങ്കെടുക്കുന്നുണ്ട് എന്ന് ഉറപ്പു വരുത്തുക<br>8 അങ്കണവാടികളുടെ ഭൗതിക സാഹചര്യങ്ങൾ, ഭക്ഷ്യ വസ്തുക്കളുടെ ലഭ്യത എന്നിവ വിലയിരുത്തി മെച്ചപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കുക<br>9 അംഗനവാടി/ പ്രവർത്തകർ എന്നിവ സംബന്ധിച്ച തർക്കങ്ങളിൽ ഇടപ്പെട്ട് പ്രശ്നങ്ങൾ പരിഹരിക്കുക<br>10 പൊതു ജന പങ്കാളിത്തം ഉറപ്പ് വരുത്തുക<br>11 പ്രാദേശികമായി പരിഹരിക്കാൻ കഴിയാത്ത പ്രശ്നങ്ങൾ ബ്ലോക്ക്/ ജില്ലാ തലത്തിൽ ശ്രദ്ധയിൽപെടുത്തുക അങ്കണവാടി സന്ദർശിച്ച് പ്രവർത്തനങ്ങൾ ഭംഗിയായി നടക്കുന്നു എന്ന് ഉറപ്പ് വരുത്തുകയും പ്രീ സ്കൂൾ എൻറോൾമെൻറ് വർധിപ്പിക്കുന്നതിന് സഹായിക്കുകയും ചെയ്യുക | മാസത്തിൽ ഒരു തവണ |

Towards a new dawn

**സംയോജിത ശിശു വികസന സേവന വകുപ്പ്**

## ബ്ലോക്ക് തലം (BLMC - Block Level Monitoring Committee)

| അംഗങ്ങൾ/ ഘടന | ചുമതലകൾ | യോഗങ്ങളുടെ കാലയളവ് |
|---|---|---|
| 1 ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് (ചെയർപേഴ്സൺ)<br>2 സെക്രട്ടറി, ബ്ലോക്ക് പഞ്ചായത്ത് (വൈസ് ചെയർപേഴ്സൺ)<br>3 ശിശു വികസന പദ്ധതി ഓഫീസർ (കൺവീനർ)<br>4 ബ്ലോക്ക് പരിധിയിൽ വരുന്ന എല്ലാ ഗ്രാമ പഞ്ചായത്തുകളുടെയും പ്രസിഡന്റുമാർ<br>5 PHC /CHC യിലെ മെഡിക്കൽ ഓഫീസർ<br>6 ഉപ വിദ്യാഭ്യാസ ഓഫീസർ<br>7 കൃഷി അസി. ഡയറക്ടർ<br>8 ICDS സൂപ്പർവൈസർമാർ 2 പേർ (റൊട്ടേഷൻ അടിസ്ഥാനത്തിൽ) | 1 ICDS സേവനങ്ങൾ യഥാർത്ഥ ഗുണഭോക്താക്കൾക്ക് ലഭ്യമാകുന്നുണ്ടോ എന്നത് സംബന്ധിച്ച പദ്ധതി പുരോഗതി അവലോകനം ചെയ്യുക .ഗുണഭോക്താക്കളുടെ കവറേജ്, SNP ഗുണനിലവാരം, കുട്ടികളുടെ പോഷണ നിലവാരം<br>2 മറ്റ് വകുപ്പുകളുമായുള്ള സംയോജനവും ഏകോപനവും ആരോഗ്യം, NHM, തദ്ദേശഭരണം etc.. അങ്കണവാടികളിലെ കുടിവെള്ള ശുചിത്വ സൗകര്യങ്ങൾ ഉറപ്പ് വരുത്തുക<br>3 പൊതുജന പങ്കാളിതം ഉറപ്പ് വരുത്തുക അങ്കണവാടികളിലെ ഭൗതിക സാഹചര്യങ്ങൾ വിലയിരുത്തി മെച്ചപ്പെടുത്തുക<br>4 ICDS പ്രോജക്ടുകളിലെ ഓഫീസ്/ ഇന്ധന ചെലവുകളുടെ പര്യാപ്തത/ അപര്യാപ്തത, അങ്കണവാടി പ്രവർത്തകരുടെ ഓണറേറിയം വിതരണം മുതലായവ വിലയിരുത്തി പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കുക<br>5 വാർഡ് തല ആരോഗ്യ പോഷണ ശുചിത്വ കമ്മിറ്റികൾ , വാർഡ് തല ആരോഗ്യ പോഷണ ദിനാചാരം എന്നിവ അവലോകനം ചെയ്യുക<br>6 താരതമ്യേന മോശമായി പ്രവർത്തിക്കുന്ന അങ്കണവാടികൾ/ സെക്ടറുകൾ കണ്ടെത്തി അവയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കുക<br>7 ICDS സേവനങ്ങളുടെ ലഭ്യത / പ്രവർത്തനം സംബന്ധിച്ച പരാതി/ പ്രശ്ന പരിഹാര സെൽ ആയി പ്രവർത്തിക്കുക<br>8 അങ്കണവാടി / ICDS ജീവനക്കാരെ മറ്റ് ജോലികൾക്ക് നിയോഗിക്കുകയാണെങ്കിൽ ആയത് തടയുന്നതിന് ഇടപെടുക | 3 മാസത്തിൽ ഒരിക്കൽ |

Towards a new dawn

സംയോജിത ശിശു വികസന സേവന വകുപ്പ്

PDF processed with CutePDF evaluation edition www.CutePDF.com

# ജില്ലാ തലം (DLMRC - District Level Monitoring and Review Committee)

| അംഗങ്ങൾ/ ഘടന | ചുമതലകൾ | യോഗങ്ങളുടെ കാലയളവ് |
|---|---|---|
| 1 ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് (ചെയർപേഴ്സൺ)<br>2 ജില്ലാ കളക്ടർ (വൈസ് ചെയർപേഴ്സൺ)<br>3 പ്രോഗ്രാം ഓഫീസർ ജില്ലാതല ICDS സെൽ (മെമ്പർ സെക്രട്ടറി & കൺവീനർ )<br>4 ഡെപ്യൂട്ടി ഡയറക്ടർ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ വിദ്യാഭ്യാസം ജില്ലാ മെഡിക്കൽ ഓഫീസർ - ആരോഗ്യം<br>5 ജില്ലാ സപ്ലൈ ഓഫീസർ ജില്ലാ സാമൂഹ്യ നീതി ഓഫീസർ<br>6 ജില്ലാ പ്രോജക്ട് ഓഫീസർ SSA<br>7 ജില്ലാ പ്ലാനിംഗ് ഓഫീസർ<br>8 ജോയിൻറ് ഡയറക്ടർ കൃഷി<br>9 ജില്ലാ പ്രൊജക്റ്റ് ഓഫീസർ MGNREGS<br>10 സൂപ്രണ്ടിങ്ങ് എഞ്ചിനീയർ വാട്ടർ അതോറിറ്റി<br>11 പ്രിൻസിപ്പൽ, അങ്കണവാടി ട്രെയിനിംഗ് സെൻ്റർ | 1 അങ്കണവാടികളുടെ പ്രവർത്ത നിലവാരം ഗുണഭോക്താക്കളുടെ കവറേജ്, ഭക്ഷണ വിതരണ ക്രമങ്ങളും ഗുണ നിലവാരവും, കുട്ടികളുടെ പോഷണ നിലവാരം ഇടപെടൽ സാദ്ധ്യതകൾ, പ്രീ സ്കൂൾ പ്രവർത്തനം എന്നിവയുടെ നിർവഹണ പുരോഗതി വിലയിരുത്തി പ്രവർത്തനം മെച്ചപ്പെടുതുന്നതിന് സഹായ സംവിധാനമായി പ്രവർത്തിക്കുക<br>2 ICDS സേവനങ്ങളിൽ മറ്റ് വകുപ്പുകളുടെ പ്രവർത്തനങ്ങളും പദ്ധതികളും തമ്മിലുള്ള സംയോജനവും ഏകോപനവും സാധ്യമാക്കുക<br>3 ഫീൽഡ് സന്ദർശനങ്ങൾ കൃത്യമായി നടക്കുന്നു എന്ന് ഉറപ്പ് വരുത്തുക - അവലോകനം ചെയ്യുക<br>4 ഗുണഭോക്താക്കളുടെ എൻറോൾമെൻറ് വർധിപ്പിക്കുന്നതിന് സഹായിക്കുക<br>5 ICDS ജീവനക്കാരെ മറ്റ് പ്രവത്തനങ്ങൾക്ക് നിയോഗിക്കുന്ന പക്ഷം ആയതിൽ ഇടപെട്ട് തടയുക<br>6 ICDS സേവനങ്ങൾ നൽകുന്നതിൽ മോശം പ്രകടനം കാഴ്ച വെക്കുന്ന ബ്ലോക്കുകളെ പ്രത്യേകമായി നിരീക്ഷിച്ച് ആവശ്യമായ ഇടപെടൽ നാടതി പ്രവർത്തനം മെച്ചപ്പെടുത്തുക<br>7 ICDS പ്രോജെക്ടുകൾക്ക് ആവശ്യമായ ഫണ്ട് ലഭ്യത ഉണ്ടോ എന്ന് പരിശോധിച്ച ഉറപ്പ് വരുത്തുക<br>8 IEC മെറ്റീരിയൽസ്, പ്രീ സ്കൂൾ പഠനോപാധികൾ എന്നിവ പ്രാദേശികമായി തയാറാക്കുന്നതിന് നേതൃത്വം നൽകുക<br>9 ജില്ലാ തല പ്രശ്ന പരിഹാര സെൽ ആയി പ്രവർത്തിക്കുക<br>10 സന്നദ്ധ സംഘടനകൾ, പൊതുജനങ്ങൾ എന്നിവരുടെ പങ്കാളിത്തം ഉറപ്പ് വരുത്തുക/ ലഭ്യമാക്കുക | കുറഞ്ഞത് 3 മാസത്തിലൊരിക്കൽ അല്ലെങ്കിൽ ആവശ്യാനുസരണം |

Towards a new dawn

സംയോജിത ശിശു വികസന സേവന വകുപ്പ്

# വിഷയം. 8 : ജാഗ്രതാ സമിതി

## സംയോജിത ശിശു വികസന സേവന വകുപ്പ് (ICDS)

Towards a new dawn

# ജാഗ്രത സമിതികൾ

ഇന്ത്യൻ ഭരണഘടന ആർട്ടിക്കിൾ 15 ,16, 39, 42 പ്രകാരം സ്ത്രീകൾക്കും കുട്ടികൾക്കും പ്രത്യേക പരിരക്ഷ ഉറപ്പാക്കണമെന്ന് നിർദേശിച്ചിട്ടുണ്ട്. സ്വാതന്ത്ര്യലബ്ധിക്ക് മുൻപ് നില നിന്നിരുന്ന ആചാരങ്ങളിലും രൂപപ്പെട്ടു വന്ന സിവിൽ നിയമങ്ങളിലും സ്ത്രീകളുടെ അവസ്ഥ തുല്യതയിലേക്കുയർത്തുന്ന പരിരക്ഷ ലഭ്യമായിരുന്നില്ല. അതുകൊണ്ടുതന്നെ സ്ത്രീകളുടെയും കുട്ടികളുടെയും അവസ്ഥ പൊതുവെ പരിതാപകരമായിരുന്നു. സ്വാതന്ത്ര്യാനന്തരം സ്ത്രീകളുടെയും കുട്ടികളുടെയും അവസ്ഥ മെച്ചപെടുത്തുന്നതിന് അനേകം നിയമങ്ങൾക്ക് നമ്മുടെ രാഷ്ട്രം രൂപം കൊടുത്തു.

- അസാന്മാർഗ്ഗിക വ്യാപാരം തടയൽ (1956 )
- പൗരാവകാശ സംരക്ഷണ നിയമം (1955 )
- സ്ത്രീധന നിരോധന നിയമം (1961 )
- പ്രസവാനുകൂല്യ നിയമം (1961 )
- ബാലനീതി നിയമം ( 1986 )
- ബാലനീതി നിയമം ( 2015 ) (കുട്ടികളുടെ പരിചരണവും സംരക്ഷണവും)
- ചിൽഡ്രൻസ് ചാർട്ടർ ( 2003 )
- കുടുംബകോടതി നിയമം ( 1984 )
- ശൈശവ വിവാഹ നിരോധന നിയമം ( 2006 )
- ബാലവേല നിരോധന നിയമം ( 1986 )
- ഗർഭച്ഛിദ്ര നിയമം ( 1971 )
- ദേശീയ വനിതാകമ്മീഷൻ നിയമം ( 1990 )
- ഗാർഹിക പീഡന നിരോധന നിയമം ( 2005 )
- വയോജന സംരക്ഷണ നിയമം ( 2007 )
- Sexual Harassment of Women at Workplace (Prevention, Prohibition, and Redressal) Act [POSH Act] (2013)
- Protection of Children from Sexual Offences Act [POSCO Act] ( 2012 )

എന്നിവ ഉദാഹരണങ്ങളാണ്.

ഓരോ നിയമങ്ങളും നടപ്പാക്കുന്നതിന് സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ടെങ്കിലും സാമൂഹ്യനീതിയിൽ ഏറെ പിന്നിലായ സ്ത്രീകൾക്കും കുട്ടികൾക്കും ഇവ അപ്രാപ്ത്യമോ ദുർഗ്രാഹ്യമോ ആയിത്തന്നെ തുടർന്നു. ഇതുമൂലം പ്രഖ്യാപിക്കപ്പെട്ട അവകാശങ്ങൾ അംഗീകരിക്കുന്നതിനും അനുഭവിക്കുന്നതിനും സ്ത്രീകളും കുട്ടികളും ഇന്നും പിന്നിലാണ്. സ്ത്രീകൾക്ക് വൈവാഹിക തലത്തിലും പൊതുരംഗത്തും നീതി നേടിയെടുക്കുന്നതിന് അമിത പണച്ചെലവും ദുരൂഹമായ നടപടി ക്രമങ്ങളും ഒഴിവാക്കുന്ന ഒരു സഹായക സംവിധാനമായി സംസ്ഥാന ദേശീയ വനിതാ കമ്മീഷൻ മാറി എന്നത് അംഗീകരിക്കപ്പെട്ട വസ്തുതയാണ്. എന്നാൽ വനിതാകമ്മീഷനും ഒരു കേന്ദ്രീകൃത സംവിധാനമായി മാത്രമേ പ്രവർത്തിക്കുവാൻ സാധിക്കുകയുള്ളു. പഞ്ചായത്ത് രാജ് നിയമം പ്രാദേശികസർക്കാരുകൾക്ക് ഭരണഘടനാനുസൃതമായി തന്നെ സാമൂഹ്യനീതി ഉറപ്പാക്കുന്നതിനും സമൂഹത്തിൽ നിലനിൽക്കുന്ന അനാരോഗ്യകരമായ പ്രവണതകൾക്കെതിരെ ബോധവത്കരണം നടത്തുന്നതിനും ആവശ്യമായ അധികാരങ്ങൾ നൽകിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിലാണ് വനിതാകമ്മീഷൻ നിയമത്തിന് കീഴിലുള്ള പ്രാദേശിക തല ഇടപെടൽ സംവിധാനമായി 1997ൽ ജാഗ്രതാ സമിതികളുടെ രൂപീകരണം നിർദേശിക്കപ്പെട്ടത്.

**സ ഉ.(എം. എസ്) നം .31 / 2007 / സാക്ഷേവ തീയതി 23.06.2007** പ്രകാരം കേന്ദ്ര സർക്കാർ ജാഗ്രതാ സമിതികൾ പുനഃസംഘടിപ്പിക്കുകയും കേരളത്തിൽ സ്ത്രീകൾക്കും പെൺകുട്ടികൾക്കും എതിരേയുണ്ടാകുന്ന അതിക്രമങ്ങൾ, സ്വാതന്ത്ര്യ നിഷേധം, അവകാശ ലംഘനം എന്നിവയിൽ ഇടപെട്ട് പരിഹാരം നേടുന്നതിനുള്ള മാർഗരേഖ പ്രസിദ്ധീകരിക്കുകയും ചെയ്തു. എന്നാൽ കഴിഞ്ഞ ഏതാനും വർഷങ്ങളിൽ പ്രശ്നരഹിതമായ ഒരു സാമൂഹിക വ്യവസ്ഥിതി രൂപപ്പെടുത്തുന്നതിനുള്ള ഒരു സാമൂഹ്യാധിഷ്ഠിത സംവിധാനമായി ശക്തി പ്രാപിക്കുന്നതിന് പകരം ഒരു ഔപചാരിക സംവിധാനമായി ജാഗ്രതാ സമിതികൾ ഒതുങ്ങിപോയ സ്ഥിതിവിശേഷമാണ് കാണാൻ കഴിഞ്ഞത്. ഈ അവസ്ഥതയിൽ നിന്നും പ്രാദേശിക തലത്തിൽ സ്ത്രീകളുടെയും കുട്ടികളുടെയും സംരക്ഷണം ഉറപ്പ് വരുത്തുന്ന ഒരു ശക്തമായ സംവിധാനമായി ജാഗ്രതാ സമിതികൾ പുനരുജ്ജീവിപ്പിക്കേണ്ടത് അനിവാര്യമാണ്.

## ജാഗ്രതാ സമിതിയുടെ ലക്ഷ്യങ്ങളും ഉത്തരവാദിത്വങ്ങളും — സംഗ്രഹം

സ്ത്രീകൾക്കും പെൺകുട്ടികൾക്കും കക്ഷികളായിട്ടുള്ള പരാതികൾ സ്വീകരിക്കുകയും പരിഹരിക്കുകയും ചെയ്യുക.

സ്വയം ഇത്തരം പ്രശ്നങ്ങൾ കണ്ടെത്തി/ഏറ്റെടുത്ത് പരിഹരിക്കുന്നതിന് ഇടപെടുക.

സ്ത്രീകൾക്കും പെൺകുട്ടികൾക്കും എതിരെയുള്ള അതിക്രമങ്ങൾ ഉണ്ടാകാത്ത സാമൂഹ്യവ്യവസ്ഥിതി രൂപപ്പെടുത്തുന്നതിന് പ്രയത്നിക്കുക.

സ്ത്രീകളുടെയും പെൺകുട്ടികളുടെയും പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് തദ്ദേശഭരണ സംവിധാനത്തെ സഹായിക്കുക.

ആവശ്യമായ നിയമ സഹായം, ഉപദേശം, പ്രചരണം, ബോധവത്കരണം എന്നിവ നൽകുക.

താഴെ പറയുന്ന സമിതികൾ കൂടാതെ ഒരു സഹായ സമിതിയും നിയമ സഹായ സമിതിയും ജാഗ്രതാ സമിതി പ്രവർത്തനങ്ങളെ സഹായിക്കുന്നതിന് രൂപീകരിക്കേണ്ടതായുണ്ട്.

### സഹായ സമിതി

എല്ലാ വാർഡ് തല കൺവീനർമാർ, നിർവഹണ ഉദ്യോഗസ്ഥർ, സമിതി അംഗമല്ലാത്ത തദ്ദേശഭരണതല വനിതാ അംഗങ്ങൾ, എല്ലാ സ്റ്റാൻഡിങ്ങ് കമ്മിറ്റി ചെയർമാൻമാർ, രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ, വനിതാ സംഘടനാ പ്രതിനിധികൾ എന്നിവർ അടങ്ങുന്ന സഹായ സമിതി.

#### ലക്ഷ്യങ്ങൾ

1. പൊതുസ്വഭാവമുള്ള പ്രശ്നങ്ങൾ പരിഹരിക്കുക.
2. കണ്ടെത്തുന്ന പ്രശ്നങ്ങൾ പരിഹരിക്കാൻ പ്രോജെക്ടുകൾ,സ്കീമുകൾ എന്നിവയുമായി ബന്ധിപ്പിക്കുക.
3. പ്രചരണത്തിനും ബോധവത്കരണത്തിനും പ്രശ്നങ്ങൾ ഉണ്ടാക്കാത്ത അന്തരീക്ഷ സൃഷ്ടിയും ജാഗ്രതാ സമിതിയെ ജാഗ്രതാ സമിതിയെ സഹായിക്കുക / പ്രവർത്തിക്കുക.
4. ജാഗ്രതാ സമിതി പ്രവർത്തനം വിലയിരുത്തൽ.
5. ജാഗ്രതാ സമിതി പ്രവർത്തനത്തിന് സഹായക സംവിധാനമായി പ്രവർത്തിക്കുക.

### നിയമ സഹായ സമിതി - അഭിഭാഷകരെ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ലീഗൽ സെൽ

#### ലക്ഷ്യങ്ങൾ

ജാഗ്രതാ സമിതിക്ക് വേണ്ട നിയമോപദേശം നൽകുക.
സ്ത്രീകൾക്ക് വേണ്ട നിയമ സഹായം നൽകുക.
നിയമബോധന പരിപാടികൾക്ക് നേതൃത്വം നൽകുക.

# ജാഗ്രതാ സമിതി ഘടന - വിവിധ തലങ്ങൾ

| | അധ്യക്ഷൻ/ അധ്യക്ഷ | കൺവീനർ | അംഗങ്ങൾ |
|---|---|---|---|
| ഗ്രാമപഞ്ചായത്ത് | ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് | ICDS സൂപ്പർവൈസർ | 1 ഗ്രാമപഞ്ചായത്തിലെ ഒരു വനിതാ മെമ്പർ<br>2 സ്ഥലത്തെ പോലീസ് CI / SI<br>3 SC/ST വിഭാഗത്തിലെ ഒരു സാമൂഹ്യ പ്രവർത്തക ഈ വിഭാഗത്തിലെ വനിതാ പഞ്ചായത്ത് മെമ്പർ<br>4 PHCയിലെ മെഡിക്കൽ ഓഫീസർ<br>5 കുടുംബശ്രീ സി ഡി എസ് ചെയർപേഴ്സൺ വാർഡിലെ ജാഗ്രതാ സമിതി കൺവീനർ മാരിൽ നിന്നും തിരഞ്ഞെടുക്കപ്പെടുന്ന ഒരു പ്രതിനിധി.<br>6 ഒരു വനിതാ വക്കീൽ |
| മുൻസിപ്പാലിറ്റി | മുൻസിപ്പൽ ചെയർപേഴ്സൺ | ICDS സൂപ്പർവൈസർ | 1 ക്ഷേമകാര്യ സ്റ്റാൻഡിങ്ങ് കമ്മിറ്റി ചെയർപേഴ്സൺ<br>2 ഒരു വനിതാ കൗൺസിലർ<br>3 സ്ഥലത്തെ CI / അദ്ദേഹം ചുമതലപ്പെടുത്തുന്ന SI<br>4 SC/ST വിഭാഗത്തിലെ ഒരു സാമൂഹ്യ പ്രവർത്തക<br>5 ഒരു വനിതാ ഡോക്ടർ<br>6 വാർഡ് തല ജാഗ്രതാ സമിതി കൺവീനർ മാരിലും നിന്നും ഒരാൾ<br>7 കുടുംബശ്രീ സി ഡി എസ് ചെയർപേഴ്സൺ<br>8 ഒരു സാമൂഹ്യ പ്രവർത്തക<br>9 ഒരു വനിതാ വക്കീൽ |
| കോർപറേഷൻ | മേയർ | കോർപറേഷനിലെ സീനിയർ CDPO | 1 ഡെപ്യൂട്ടി മേയർ<br>2 ക്ഷേമകാര്യ സ്റ്റാൻഡിങ്ങ് കമ്മിറ്റി ചെയർപേഴ്സൺ<br>3 DYSP / അദ്ദേഹം ചുമതലപ്പെടുത്തുന്ന CI വനിതാ സെല്ലിലെ CI/SI വനിതാ വക്കീൽ<br>4 ഒരു വനിതാ ഡോക്ടർ<br>5 SC/ST വിഭാഗത്തിലെ സാമൂഹ്യ പ്രവർത്തക<br>6 ഒരു സാമൂഹ്യ പ്രവർത്തക<br>7 ഒരു കൗൺസലിംഗ് വിദഗ്ധ |
| ജില്ല | ജില്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് | ജില്ലാ സാമൂഹ്യ നീതി ഓഫീസർ | 1 ഗ്രാമപഞ്ചായത്ത് അസോസിയേഷൻ നാമനിർദ്ദേശം ചെയ്യുന്ന ഒരു വനിതാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്<br>2 ബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ നാമനിർദ്ദേശം ചെയ്യുന്ന ഒരു വനിതാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്<br>3 മുൻസിപ്പൽ അസോസിയേഷൻ നാമനിർദ്ദേശം ചെയ്യുന്ന ഒരു മുൻസിപ്പൽ ചെയർപേഴ്സൺ<br>4 ജില്ലാ പോലീസ് സൂപ്രണ്ട്<br>5 റെവന്യൂ ഡിവിഷണൽ ഓഫീസർ<br>6 വുമൺ പ്രൊട്ടക്ഷൻ ഓഫീസർ<br>7 SC/ST വിഭാഗത്തിലെ സാമൂഹ്യ പ്രവർത്തക<br>8 2 സാമൂഹ്യ പ്രവർത്തകർ<br>9 വനിതാ വക്കീൽ |

# വിഷയം .9 :VHND-Village Health Nutrition & Sanitation Committee

## വാർഡ്തല ആരോഗ്യ ശുചിത്വ പോഷണ സമിതി

ഓരോ പ്രദേശത്തെയും ജനങ്ങളുടെ ആരോഗ്യ സംരക്ഷണം പോഷണ നിലവാരം ഉയർത്തൽ, ശുചിത്വ സംവിധാനങ്ങൾ മെച്ചപ്പെടുത്തി പൊതു സ്ഥലങ്ങളിൽ ശുചിത്വ ശീലങ്ങൾ വളർത്തിയെടുക്കൽ എന്നിവ ലക്ഷ്യമാക്കി പ്രവർത്തിക്കുന്നതിന് നിർബന്ധമായും വാർഡുതലത്തിൽ രൂപീകരിക്കേണ്ട സമിതിയാണ് വാർഡുതല ആരോഗ്യ ശുചിത്വ പോഷണ സമിതി.

അംഗങ്ങൾ

ചെയർമാൻ - വാർഡ് മെമ്പർ

കൺവീനർ - ആശവർക്കർ

അംഗങ്ങൾ കുറഞ്ഞത് (15 പേർ) -

1. JPHN
2. അങ്കണവാടി പ്രവർത്തക /
   പ്രവർത്തകർ (ഒരു വാർഡിൽ ഒന്നിലധികം അങ്കണവാടികൾ ഉണ്ടെങ്കിൽ )
3. Primary School അധ്യാപകരിൽ നിന്നും ഒരാൾ.
4. Water Authority പ്രതിനിധി
5. MGNRGA പ്രോഗ്രാം ഫീൽഡ് കോർഡിനേറ്റർ
6. സാമൂഹ്യ അധിഷ്ഠിത സംഘടനകളുടെ ഓരോ പ്രതിനിധികൾ.
7. കുടുംബശ്രീ ADS ചെയർ പേഴ്സൺ പ്രധിനിധി.
8. വിവിധ വിഭാഗങ്ങളിലെ ഗുണഭോക്താക്കളുടെ പ്രതിനിധികൾ
   (ഗർഭിണികൾ, പാലൂട്ടുന്ന അമ്മമാർ)

(കൂടാതെ പഞ്ചായത്ത് സെക്രട്ടറി, മെഡിക്കൽ ആഫീസർ, ICDS സൂപ്പർവൈസർ തുടങ്ങിയവർക്കും പങ്കെടുക്കാവുന്നതാണ്.)

Note: 50% അംഗങ്ങൾ സ്ത്രീകളായിരിക്കണം. SC/STപ്രതി നിധിയും ഉണ്ടായിരിക്കണം.

**ഉദ്ദേശ്യലക്ഷ്യങ്ങൾ**

- ഗർഭിണികളുടെ രജിസ്ട്രേഷൻ.
- ഗർഭകാല പരിശോധന
- പ്രസവാനന്തര പരിശോധന
- കുട്ടികളുടെ വളർച്ചാ നിരീക്ഷണം
- ഗർഭിണികൾക്കും കുട്ടികൾക്കും ഉള്ള രോഗ പ്രതിരോധ കുത്തിവയ്പുകൾ.
- വയസ്സുവരെയുള്ള കുട്ടികൾക്ക് 5 മാസം മുതൽ 9Vitamin A വിതരണം.
- ആരോഗ്യ ശുചിത്വ പോഷണ ബോധവൽക്കരണ ക്ലാസുകൾ
- പരാമർശ സേവനം ഉറപ്പ് വരുത്തുക.

*****